# ഓർമ്മച്ചെപ്പ്

DIGITAL MAGAZINE 2024



by

**LITTLE KITES**

**SAMOOHAM HIGH SCHOOL, N PARAVUR**

# ആമുഖം

സമൂഹം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെ സർഗ്ഗവാസനകളോടൊപ്പം ചില അനുഭവകുറിപ്പുകളും ഇടം പിടിക്കുന്നു.കൂടാതെ ചിത്രങ്ങളും വിഡിയോകളും ആസ്വദിക്കുവാനുള്ള ഒരിടം കൂടിയാണ് ഈ "ഓർമ്മച്ചെപ്പ്"

## സന്ദേശം

പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ പഠ്യേതര കഴിവുകൾ പ്രദർശിപ്പിക്കുവാനും "ഓർമ്മച്ചെപ്പിലൂടെ" ലോകത്തോട് പങ്കുവക്കാനും സാധിക്കട്ടെ. ഈ ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ.

രമ ഗോപിനാഥ് , ഹെഡ് മിസ്ട്രസ്സ്

# ഉള്ളടക്കം

ആമുഖം....2

സന്ദേശം....3

മാതൃത്വം....5

അവധിയുടെ വികൃതികൾ....6

വസന്തം....7

അമ്മ....8

സോഷ്യൽ മീഡിയയുടെ സ്വാധീനവും ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളും....9

THE TANGRAM PUZZLES....11

**सुरीली हिंदी**....12

GALLERY....13

# മാതൃത്വം

നിൻ മുഖം കാണുന്നതിൻ മുൻപ്
തൻസ്നേഹത്താൽ നിന്നെ മൂടി
നിൻ കാൽപാദമൊന്ന് സ്പർശിക്കാൻ
നിൻ കാലൊച്ചകൾ ഒന്നു കേൾക്കാൻ
കൊതിച്ചോരാ മനസ്സ്
നിന്നിലെ ഓരോ അണുവിലും
മാതൃത്വത്തിൻ വിത്തുകൾ പാകി
മാറ്റത്തിന്റെ ലോകത്തിൽ മാറാത്ത ഒരേയൊരു മനസ്സ്
ഋതുക്കൾ പലതായി മാറിയിട്ടും
മാറാത്ത ഒരേയൊരു വികാരം മാതൃത്വം
നിന്നെ നീയാക്കി മാറ്റിയ
ഭൂതകാലത്തിൻ ഇടവഴിയിൽ വച്ച്
നിൻകരങ്ങളെ വിടാതെ സൂക്ഷിച്ച
മാതൃത്വത്തിൻ അമൃത് നീ യറിഞ്ഞിരുന്നുവോ
നിൻ ജീവിതത്തിലെ ഭൂതവും ഭാവിയും
വർത്തമാനവും ഒരുപോലെ സ്വപ്നം കാണുന്ന
മാതൃത്വത്തിൻ എത്രയെത്ര കിനാവുകൾ

നിൻ മനസ്സിലാദ്യമായി അമൃതിൻ
ലോകം സൃഷ്ടിച്ച മാതൃത്വത്തിൻ
മധുരം നീ ഓർക്കുന്നുവോ ?
നിന്നിലെ ഓരോ ശബ്ദ തരംഗങ്ങളെയും
കാതോർത്ത , നിന്നിലെ ഓരോ കിനാവുകളെയും
ഉൾക്കൊണ്ട മാതൃത്വത്തിൽ പ്രതീക്ഷകൾ .
നീ എന്തു ചെയ്താൽ ഇതിന് പകരമാവും
ഒരത്ഭുത ശക്തിക്കും മാറ്റുവാൻ കഴിയാത്ത
ഒരേയൊരു വികാരം മാതൃത്വം
കഴിഞ്ഞുപോയ ഭൂതകാലത്തിൽ
ഒരിക്കലും മറക്കാത്ത, വെണ്ണ പോൽ
മൃദുലമാം മാതൃത്വം

മറക്കില്ല നീയാ ഭൂതകാലത്തിൻ
മാതൃത്വം സൃഷ്ടിച്ച അമൃതിൻ സ്നേഹം

ശ്രീനന്ദ-9 A

# അവധിയുടെ വികൃതികൾ

കാറ്റും മഴയും നിറഞ്ഞ ഒരു അവധി ദിവസം ശക്തമായ മഴയിൽ പുഴ കവിഞ്ഞൊഴുകിത്തുടങ്ങി. രാജുവും കൂട്ടുകാരും അവധി ദിവസം ആഘോഷിക്കാൻ ഇറങ്ങി. ഓരോരോ മഴത്തുള്ളികൾ രാജുവിന്റെ കയ്യിൽ തട്ടിത്തെറിച്ചു. രാജുവിന്റെ ഇടത് വലതു കൈകൾ പോലെയാണ് അച്ചുവും വിച്ചുവും. രാജു എന്ത് ചെയ്താലും കൂട്ടുനിൽക്കുന്ന രണ്ടുപേർ , ഇവർ മൂന്നു പേരെയും ഇഷ്ടമല്ലാത്ത ഒരാൾ ഇവരെ എങ്ങനെ തെറ്റിക്കാം എന്ന് ആലോചിച്ചു നടക്കുന്നവനാണ് വിക്രം. രാജുവിന്റെ തൊട്ടയൽപക്കമാണ് വിക്രം. മഴ കാരണം പുറത്തിറങ്ങാൻ ആവാതെ നിൽക്കുകയാണ് രാജുവും കൂട്ടരും. മഴ ഉച്ചയ്ക്കുശേഷം ഒന്ന് കുറഞ്ഞു എന്നാലും തലേദിവസം രാത്രി ആരംഭിച്ച മഴയുടെ വെള്ളം പുഴയിൽ അതിതീവ്രമായി ഒഴുകിക്കൊണ്ടിരിക്കുന്നു. അമ്മയുടെ വാക്കുകൾ നിരസിച്ച വിക്രം കുളിക്കാനായി പുഴയിൽ പോയി. വിക്രത്തിന് നീന്തൽ നന്നായി അറിയില്ല എന്നാലും കൂട്ടുകാർ വിളിച്ചാൽ അവനു പോകാതിരിക്കാൻ കഴിയില്ല. അവൻ അവരുടെ കൂടെ കുളിക്കാനായി പുഴയിലേക്ക് പോയി. ഇതെല്ലാം കണ്ടുകൊണ്ട് രാജുവും കൂട്ടുകാരും അപ്പോൾ അവിടെ നിൽക്കുന്നുണ്ടായിരുന്നു. വിക്രം അവരോട് ചോദിച്ചു നീ വരുന്നുണ്ടോടാ? എന്നെക്കാൾ നന്നായി വേഗത്തിൽ നിനക്ക് നീന്താൻ സാധിക്കുമോ? വെല്ലുവിളി ഏറ്റെടുത്തശേഷം വിക്രമും കൂട്ടുകാരും അവന്റെ കൂടെ പോയി വിക്രമും രാജുവും പന്തയം വെച്ചു ആരാ ആദ്യം നീന്തി അവിടെയുള്ള പോസ്റ്റിൽ തൊടുന്നത് അവൻ ജയിക്കും. രാജുവും വിക്രമവും മത്സരിച്ച് നീന്തി ദൂരം കൂടുന്തോറും ആഴം കൂടി കൂടി വന്നു ഒഴുക്ക് കൂടുന്തോറും വിക്രമിന്റെ കാൽ ചെളിയിൽ കുടുങ്ങി. അവനെ രക്ഷിക്കാനായി രാജു അവന്റെ കാൽ പൊക്കിക്കൊടുത്തു. എന്നാൽ അവനെ രക്ഷിക്കാനായില്ല വിക്രത്തെ രക്ഷിക്കാനായി രാജു വും കൂട്ടുകാരും കുറെ ശ്രമിച്ചെങ്കിലും സാധിച്ചില്ല. കുറച്ച് സമയം കഴിഞ്ഞപ്പോൾ അവൻ ആകെ മുങ്ങിത്തുടങ്ങി. അവന്റെ അമ്മയുടെ വാക്ക് ധിക്കരിച്ച് ഇറങ്ങിയ അവനെ പിന്നീടാരും കണ്ടിട്ടില്ല. വിക്രം തന്റെ കൺമുമ്പിൽ വെച്ച് ഇല്ലാതായ വിഷമം രാജുവിന്റെ മനസ്സിൽ ഇന്നും ബാക്കിയായി. തന്റെ അഹങ്കാരം കൊണ്ട് നഷ്ടപ്പെട്ടത് അവന്റെ ഭാവി തന്നെയാണ്. ഫുട്ബോളിൽ ഒരു ഇതിഹാസം കാഴ്ചവയ്ക്കാൻ സാധിക്കുമായിരുന്നു വിക്രമിന് . ഒരു അവധി ദിവസം കാരണം അവൻ തന്നെ ഇല്ലാതായി. അവന്റെ ഓർമ്മകൾ ഇനിയും ബാക്കിയായി കിടക്കുന്നു. ഇനി ഒരിക്കലും ഇതുപോലെ ഒരു ജീവൻ പോകാതിരിക്കട്ടെ ...

ദുർഗ്ഗാ രാജ്

# വസന്തം

എത്ര സുന്ദരകാലമല്ലോ വസന്തകാലം
പ്രകൃതി സുന്ദരകാലം വസന്തകാലം
പൂക്കൾ വിടർന്ന് ചിരിച്ചുല്ലസിച്ചീടുന്നു ,
ശലഭങ്ങൾ പാറിപ്പറക്കുന്നു ,
പ്രകൃതി മുഴുവനും വർണ്ണശബളമായി നിറഞ്ഞു നിൽക്കുന്നു
അന്തരീക്ഷത്തിലെമ്പാടും  സുഗന്ധം മാത്രം
എത്ര സുന്ദരകാലം വസന്തകാലം

- അശ്വതി K S

# അമ്മ

അമ്മയുടെ നോവറിഞ്ഞവർ അമ്മയെ മറക്കില്ല
ഇന്നോളമീ മാധുര്യം നുകരാൻ കഴിഞ്ഞതിൽ
അഭിമാനം കൊള്ളുമീ നിമിഷം
ഞാൻ അമ്മയേക്കാൾ വലുതായി മറ്റാരുണ്ടീ
പ്രപഞ്ചത്തിൽ
കാതിൽ തേൻ മഴ പോൽ മുഴങ്ങുമെൻ
അമ്മയുടെ താരാട്ടെത്ര  മനോഹരമാണെന്നോർക്കുന്നു  ഞാൻ
അമ്മയെപ്പോലമ്മ മാത്രം എന്നു തോന്നുമീ നിമിഷം
അമ്മയെന്നു കേൾക്കുമ്പോൾ അഭിമാനം കൊള്ളുമീ നിമിഷം
അമ്മയെ മറക്കരുത് , അമ്മയെ വെറുക്കരുത് ,
അമ്മ പ്രകൃതിയാവുന്നു പ്രകൃതി അമ്മയാകുന്നു
അമ്മയെപ്പോലെ അമ്മ മാത്രം

- പൗർണ്ണമി ചന്ദ്ര

# സോഷ്യൽ മീഡിയയുടെ സ്വാധീനവും ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളും


ഇന്നത്തെ സമൂഹത്തിൽ നാം വളരെ കൂടുതലായി ഉപയോഗിക്കുന്ന ഒന്നാണ് സോഷ്യൽ മീഡിയ . സോഷ്യൽ മീഡിയയിലൂടെ നമുക്ക് പല നല്ല അറിവുകളും മറ്റു ലഭിക്കുന്നു. സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം മൂലം പുതുതലമുറയുടെ ബുദ്ധി വികാസം ക്ഷയിച്ചു വരുന്നു. പുസ്തകങ്ങൾ വായിച്ചു വളരേണ്ട ഇന്നത്തെ തലമുറ കൂടുതലും ഉപയോഗിക്കുന്ന സോഷ്യൽ മീഡിയകളാണ് . ഫോണിന്റെ ഉപയോഗം കുട്ടികളെ ചീത്ത കൂട്ടുകെട്ടിലേക്ക് നയിക്കുന്നു. ' ഇന്നത്തെ കാലത്ത് വാർത്തകളിൽ കൂടുതലായും കാണപ്പെടുന്ന ലഹരിയുടെ ഉപയോഗം, സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെട്ട ആളുമൊത്തുള്ള ഒളിച്ചോട്ടം ഇതെല്ലാം സോഷ്യൽ മീഡിയയുടെ അമിത ഉപയോഗമൂലമുണ്ടാകുന്നതാണ്. ഇപ്പോൾ കുട്ടികൾ മാത്രമല്ല മുതിർന്നവരും ഫോണിന്റെ ഉപയോഗത്തിന് അടിമപ്പെട്ടിരിക്കുന്നു. ചില മാതാപിതാക്കൾ തൻറെ കുട്ടികളെ പോലും ശ്രദ്ധിക്കാതെ ഫോണിനു മുന്നിൽ കണ്ണും നട്ട് മണിക്കൂറോളം ഇരിക്കുന്നു. എന്നാൽ അവർ ഓർക്കുന്നില്ല തങ്ങൾ ഇപ്പോൾ കൊടുക്കുന്ന ശ്രദ്ധയും കരുതലുമാണ് അവർ വലുതാകുമ്പോൾ തങ്ങൾ വാർദ്ധക്യത്തിലേക്ക് എത്തുമ്പോൾ ലഭിക്കുക എന്ന്.


ഇന്നത്തെ കാലത്ത് കൂടുതലായും കാണുന്ന ഒരു വാർത്തയാണ് ലഹരിയുടെ ഉപയോഗം. ചെറിയ ക്ലാസുകൾ മുതലുള്ള കുട്ടികളാണ് ലഹരി ഉപയോഗിക്കുന്നത്.കുട്ടികളുടെ ചീത്ത കൂട്ടുകെട്ടുകളിലൂടെ ലഹരിയുടെ ഉപയോഗം പതിയെ പതിയെ ശീലമാക്കുന്നു .ഇത് അവരുടെ മാനസിക നില തന്നെ തകരാറിലാക്കുന്നു.പോറ്റി വളർത്തിയ അച്ഛനമ്മമാരെ അവൻ തന്റെ കൈകൾ കൊണ്ട് അപായപ്പെടുത്തുന്നു. അതുപോലെ മറ്റൊരു ശ്രദ്ധേയമായ വാർത്തയാണ് ചാറ്റിങ്ങിലൂടെയുള്ള ഒളിച്ചോട്ടം കൗമാരപ്രായക്കാർ മുതൽ മുതിർന്നവർ വരെയുള്ളവർ ഇത്തരത്തിലപകടത്തിൽ പെടുന്നു. ഫോണിലൂടെയുള്ള ചാറ്റിങ്ങിലൂടെ ഇതുവരെ തമ്മിൽ കണ്ടിട്ടില്ലാത്തവരുമായി ചങ്ങാത്തം ആകുന്നു. അത് പതിയെ പ്രണയമായി വളരുന്നു. അവർ ഫോണിലൂടെ പരിചയപ്പെട്ടവരുമായി ഒളിച്ചോടാൻ തീരുമാനിക്കുന്നു. തന്നെ ഇത്രകാലം നോക്കിവളർത്തി അച്ഛനമ്മമാരുടെ മനസ്സു വിഷമിപ്പിച്ചിട്ട് അവർ അവരുടെ സന്തോഷം തേടി ഇറങ്ങിപ്പോകുന്നു. എന്നാൽ അവർ അറിയുന്നില്ല സന്തോഷത്തിലേക്ക് അല്ല സങ്കടക്കടലിന് നടുവിലേക്ക് താൻ പോകുന്നതെന്ന്. വിശ്വസിച്ചു കൂടെ ഇറങ്ങിപ്പോയ ആൾ തന്നെ ഉപേക്ഷിച്ചാലും തന്റെ അച്ഛനമ്മമാരുണ്ടാകും തന്നെ ആരൊക്കെ തള്ളി പറഞ്ഞാലും തങ്ങളുടെ കൂടെ അവർ ഉണ്ടാകും. നാട്ടുകാരുടെ കുത്തുവാക്ക് പറച്ചിലും പുച്ഛവും സഹിക്കാതെ വരുമ്പോഴാണ് അവിടെ ഒരു കൂട്ട ആത്മഹത്യ ഉണ്ടാകുന്നത്. ഇങ്ങനെയുള്ള ദുരുപയോഗങ്ങൾ മാത്രമല്ല നല്ല ഉപയോഗങ്ങളും സോഷ്യൽ മീഡിയ ഉണ്ട് .

ലഹരിയിൽ നിന്നും മോചനം നേടുന്നതിനുള്ള സെമിനാറും മറ്റും പരിസരങ്ങളിൽ ഉള്ള സ്കൂളുകൾ നടത്തി വരുന്നു. അതിൽ അവരെ പങ്കെടുപ്പിക്കുക. ഇന്നത്തെ സമൂഹത്തിലെ മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക് അധികമായാൽ അമൃതും വിഷം എന്നു പറയുന്നതുപോലെ സോഷ്യൽ മീഡിയയുടെ ഉപയോഗം ഇന്നത്തെ കുട്ടികളിൽ നിന്നും കുറയ്ക്കാൻ ശ്രദ്ധിക്കുക. അതുപോലെ മാതാപിതാക്കളും സോഷ്യൽ മീഡിയയ്ക്ക് അടിമപ്പെടാതിരിക്കുക. സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം കുറയ്ക്കുന്നതിലൂടെ നമുക്ക് ഉത്തരവാദിത്വമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കും അതിനാൽ ഇവയെ ആവശ്യത്തിനുമാത്രം ഉപയോഗിക്കുക അടിമപ്പെടാതിരിക്കുക.

ഹസീനത്ത്

# THE TANGRAM PUZZLES




A tangram puzzle is made up of 7 geometric shapes. These shapes include 2 small triangles, 1 medium-sized triangle, 2 large triangles, a parallelogram, and a square. The goal in completing a tangram puzzle is to rearrange all 7 pieces, or tans, to make shapes of animals, people, or objects. The tans can be moved around by flipping, turning, or rotating them until they form a certain design. You can follow a pattern for making a design or make up your own. There are only a few rules to follow when working on a tangram puzzle. The first rule is that all 7 tans must be used. The second rule is that tans must touch each other but not overlap.


# सुरीली हिंदी






Click on the picture for Video


**14 सितम्बर हिन्दी दिवस के अवसर पर हिन्दी भाषा को बच्चों के लिए रुचिकर बनाने तथा उन्हें भाषा का महत्व समझाने तथा हिन्दी के प्रति रुचि पैदा करने हेतु एक अतिरिक्त कार्यक्रम के रूप में विद्यालय में 'सुरीली उत्सवम' का आयोजन किया गया।**

# GALLERY











# THANK YOU